
സെന്റ് മേരീസ്
ഹൈസ്ക്കൂൾ കണ്ടനാട്
ധ്വനി
little
KITEs

# ആശംസകൾ

പ്രിയപ്പെട്ട വിദ്യാർത്ഥികളെ ,

ആധുനിക വിദ്യാഭ്യാസരംഗത്ത് സങ്കേതികവിദ്യ ഒഴിച്ചുകൂടാനാവാത്ത ഒന്നാണല്ലോ വിവിരവിനിമയ സങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തി എടുക്കാൻ ഉള്ള അവസരമാണ് "ലിറ്റിൽകൈറ്റ്"-സിന്റെ പ്രവർത്തനങ്ങളിലൂടെ നമുക്ക് കൈവന്നിട്ടുള്ളത്. ഈ അവസരം പരാമാവധി പ്രയോജനപ്പെടുത്തി നമ്മുടെ സ്കൂളിന് അഭിമാനിക്കത്തക്ക ഒരു ഡിജിറ്റിൽ മാഗസിൻ തയ്യാറാക്കിയ എല്ലാ വിദ്യാർത്ഥികളെയും അതിന് നേതൃത്വം വഹിച്ച അധ്യാപകരെയും ഈ അവസരത്തിൽ

അഭിനന്ദിക്കുന്നു. ഈ ആരംഭപ്രവർത്തനം ഇനിയുള്ള പ്രവർത്തനങ്ങൾക്കും പ്രചോദനമാകട്ടെ എന്ന ആശംസകളോടെ........................................

ഷീബ കുര്യൻ
ഹെഡ്മിസ്ട്രസ്

# ആമുഖം

സാഹിത്യസൃഷ്ടികളും കലാസൃഷ്ടികളും അനു-
ഭൂതികളെയാണ് ആവിഷ്കരിക്കുന്നത്. ഈ അനു-
ഭൂതികൾ വായനക്കാരനിൽ സൗന്ദര്യമായിത്തീ-
രുന്നു. ആ സൗന്ദര്യാംശം നമ്മെ ചിന്തിപ്പിക്കുക-
യും ചിരിപ്പിക്കുകയും ചെയ്യുന്നു.

സർഗ്ഗാത്മകതയുടെ മായാപ്രപഞ്ചത്തെ
സൃഷ്ടിക്കുന്ന സാഹിത്യരചനകളിലൂടെ നമുക്ക്
സഞ്ചരിക്കാം............

# എഡിറ്റോറിയൽ

ലോകം ഒരു കൊച്ചു വിരൽത്തുമ്പിൽ ഒതുങ്ങുന്ന സൈബർ യുഗത്തിൽ മുൻവിധികൾ ഇല്ലാതെ അക്ഷരങ്ങൾക്കിടയിലെ അകലം മഷിത്തുമ്പിൽ തുന്നിച്ചേർത്ത പച്ചയായ മനുഷ്യജീവിതങ്ങളിലൂടെ ഒരു തുറന്നെഴുത്ത്................
തനിയാവർത്തനമില്ലാതെ നിറങ്ങളിൽ നിറങ്ങൾ ചാലിച്ച് വരകളിലൂടെ ആശയങ്ങൾക്ക് പുതുജീവനേകി കാലത്തിന്റെ കയ്യൊപ്പ് രേഖപ്പെടുത്തി പാതിപറഞ്ഞ് ബാക്കിവെച്ച പ്രയത്നത്തിന്റെ ഫലമായി സെന്റ് മേരീസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അഭിമാനപുരസ്സരം സമർപ്പിക്കുന്നു.

## അകത്താളുകളിൽ


എഡിറ്റോറിയൽ ബോർഡ്..........7
അമ്മേ... അമ്മേ..........8
ആനയും ഉറുമ്പും..........10
പൂമ്പാറ്റയോ ഭംഗി..........13
നിഴൽ..........14
സന്ധ്യ..........15
സ്വരവീണ..........17
അകലെ..........18
നെല്ല്..........19
അന്ത്യരംഗം ഒരു പൂവിന്റെ..........28
ശ്മശാന പാലകൻ..........29
പഴഞ്ചൊല്ലുകൾ..........32
കാറ്റ്..........33
ജീവിതത്തിന്റെ വഴികൾ..........34
മഹദ് വചനങ്ങൾ..........39
അമ്മ ഒരു ഭാവം..........40
കടങ്കഥകൾ..........45
മിന്നാമിന്നി..........47
കളി കാര്യമായപ്പോൾ..........50
കളഭച്ചാർത്ത്..........52
പോയ്മറഞ്ഞ പൂക്കാലം..........54
കടങ്കഥ ഉത്തരങ്ങൾ:..........55
ജ്യോത്സ്യന്റെ ബുദ്ധി..........56
കീരിവാൽ ബ്രഷ്..........58
എന്നിട്ടും..........59

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ - റിനു സേവ്യർ

സബ് എഡിറ്റർ - മഹേശ്വരി മനോജ്.

നയന എ.എസ്.

ആദിത്യ സാബു.

സ്റ്റാഫ് എഡിറ്റർ - അനു ജിമ്മി.

## കമ്മറ്റി അംഗങ്ങൾ

ഏയ്ഞ്ചലീന തോമസ്.

അഭിനന്ദന എ.എം.

ശ്രീറാം രാഗേഷ്.

ആവണി രാജു.

ധനശ്രീ വി.

നന്ദന കെ.ആർ.

# അമ്മേ... അമ്മേ...

അമ്മേ.. അമ്മേ...
അവിടുത്തെ മുന്നിൽ
ഞാനാര്, ദൈവമാര്
അമ്മേ...
ആദിയിൽ മാനവും ഭൂമിയും
തീർത്തത്
ദൈവമായിരിക്കാം
ആറാംനാളിൽ മനുഷ്യനെ
തീർത്തതും
ദൈവമായിരിക്കാം
ആ ദൈവത്തെ
പെറ്റുവളർത്തിയതമ്മയല്ലോ
അമ്മ
ആ ദൈവത്തെ
മുലപ്പാലൂട്ടിയതമ്മയല്ലോ
അമ്മ
അമ്മേ....
ദൈവവും നമ്മളും
അവരുടെയേകാന്ത
ദാഹമായിരുന്നില്ലേ?
രക്തക്കുഴലിലൂടെ
അസ്ഥിത്തളിരിലൂടെ

മക്കളുടെ
മനസ്സിലേക്കൊഴുകിവന്നു
അമ്മയുടെ ശൈശവ
സ്വർഗ്ഗങ്ങളിൽ നമ്മൾ
മൺപാവകളായിരുന്നു
അമ്മേ....
കാലവും നമ്മളും അവരുടെ
സന്ദേശ
കാവ്യമായിരുന്നില്ലേ
പൊക്കിൾക്കൊടിയിലൂടെ
പുഷ്പച്ചൊടിയില്ലൂടെ
മക്കളുടെ
ഞരമ്പിലേക്കൊഴുകിവന്നു
അമ്മയുടെ യൗവന
സ്വപ്നങ്ങളിൽ നമ്മൾ
ബ്രഹ്മാനന്ദമായിരുന്നു
അമ്മേ...........

-അനുപം ബാലൻ

# ആനയും ഉറുമ്പും

ഒരു ദിവസം ഒരു ആന കളിച്ച് നടക്കുകയായിരുന്നു അങ്ങനെ അത് ഒരു ഉറുമ്പിൻ കൂടിനടുത്തെത്തി.

"അയ്യോ, ആനച്ചേട്ടാ! ഞങ്ങളെ ചവിട്ടിക്കൊല്ലല്ലേ" ഉറുമ്പുകൾ ആനയോട് അപേക്ഷിച്ചു അതുകേട്ട് ആന അഹങ്കാരത്തോടെ പറഞ്ഞു:

"കീടങ്ങൾ! ഞാൻ നിങ്ങളെയെല്ലാം ചവിട്ടിയരച്ച്കൊല്ലാൻ പോകുകയാണ് നിങ്ങൾക്ക് എന്നെ ഒന്നുംചെയ്യാൻ പറ്റില്ല. ഇതാ നോക്കിക്കൊള്ളൂ." ആന ഉറുമ്പുകളെ ചവിട്ടിയരയ്ക്കാൻ മുന്നോട്ടു നീങ്ങി. പെട്ടെന്ന് ഉറുമ്പുകളെല്ലാം ആനയുടെ ദേഹത്തേക്ക് ചാടിക്കയറി. ചിലർ ആനയുടെ കാലിൽ കടി തുടങ്ങി. അഞ്ചാറുപേർ ആനയുടെ തുമ്പിക്കൈയിന്റെ ഉള്ളിൽ കയറി കടിക്കാൻ തുടങ്ങി. മൂന്നാലുറുമ്പുകൾ ആനച്ചേട്ടന്റെ ചെവിയുടെ ഉള്ളിലേക്ക് ഓടിക്കയറി.അതിനിടെ രണ്ടുപേർ ആനയുടെ

കണ്ണിൽ കയറിയിരുന്ന് കടിക്കാനാരംഭിച്ചു "അയ്യോ! എന്നെ രക്ഷിക്കണേ!"ആന നിലവിളച്ചു. എന്നാൽ ഉറുമ്പുകൾ കടിവിട്ടില്ല.ആന വേദനകൊണ്ട് പുളഞ്ഞ് ഓട്ടം തുടങ്ങി.കണ്ണിൽ ഉറുമ്പുകളുടെ കടിയേറ്റതുമൂലം ആന

കണ്ണടച്ചുകൊണ്ടാണ് ഓടിയത്.ഓടിയോടി ആന ഒരു വലിയ പൊട്ടക്കിണറ്റിൽ ചെന്ന് വീണു. അങ്ങനെ അഹങ്കാരിയായ ആനയുടെ ഉപദ്രവം അവസാനിച്ചു. ഉറുമ്പുകൾ രക്ഷപ്പെട്ടു.

-വിബീഷ കെ.വിനീഷ്


WHYKOL.COM
ഒരു കുട്ടി,
ഒരു അദ്ധ്യാപിക,
ഒരു പുസ്തകം,
പിന്നെയൊരു പെന്ന്
ഇവയ്ക്ക് ഈ ലോകം
മാറ്റിമറിയ്ക്കാൻ സാധിക്കും..

# പൂമ്പാറ്റയോ ഭംഗി

പൂവുകൾ നിറയും പൂങ്കാവനത്തിൽ
പാറി നടക്കും പൂമ്പാറ്റ!
പൂവുകൾ തോറും തേൻ നുകരാനായി
പാറി നടക്കും പൂമ്പാറ്റ!
പുള്ളിപൊട്ടും മൂളിപ്പാട്ടും
പാടിവരുന്നു പൂമ്പാറ്റ!
പച്ചനിറവും മഞ്ഞനിറവും
പാടി വരുന്നു പൂമ്പാറ്റ!
പൂവിൻ നിറത്തിൽ പൂമ്പാറ്റ!
പൂവിൻ നിറമോ പൂമ്പാറ്റ!

-ശ്രീറാം



# നിഴൽ

താൻ തനിച്ചാണെന്ന തോന്നലിലും
കൂടെ ഉണ്ട് എപ്പോഴും നിൻ നിഴൽ
അറിയാതെ എന്നും മറയാതെ എന്നും
പിരിയാതെ നിൽക്കുമീ നിഴൽ മാത്രമോ

നിറമില്ലെനിക്ക് അഴകില്ലെനിക്ക് എങ്കിലും
എന്തിന് കൂടെ കൂട്ടുന്നു എന്നെ നീ
ജനനം മുതൽ ഉള്ള ബന്ധമോ അതോ
മരണത്തിൽ പിരിയുമെന്ന തോന്നലോ
എപ്പോഴും എൻകൂടെ പിരിയാതെ നിന്ന്
ഓതിയ നിഴലിനെ ഓർക്കാതെ പോയല്ലോ
ഞാൻ!

-ആദിത്യ സാബു

# സന്ധ്യ

ഈ സന്ധ്യയിലാണ് ഞാൻ വീട്ടിൽ നിന്നിറങ്ങിയത്. ലോകം വിശ്രമിക്കുവാൻ ടിവിയുടെ മുന്നിൽ ഇരിക്കുന്ന നേരത്ത് ഞാൻ ഈ വഴികളിലൂടെ നടന്നു ഞാൻ ജനിച്ച വളർന്ന ഈ മണ്ണിൽ. എന്തോ എവിടെ നിന്നോ, ശക്തമായ കാറ്റ്, നല്ല തണുപ്പ്. നല്ല സുഖം. ഒരു ജോലിയൊക്കെ കിട്ടി ഇവിടെ തിരിച്ചുവരാൻ കഴിയുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. അതാ ആ  വീട്ടിൽ വിളക്ക് കൊളുത്തിയിട്ടില്ല. ഓ, ഞാൻ മറന്നു കാലം മുന്നോട്ട് പോയിക്കഴിഞ്ഞു. അവിടെ വിളക്കിന് പകരം,അമ്മായിയമ്മപ്പോരിന്റെ ശക്തമായ ശബ്ദം. കാലത്തിന്റെ ഒരു പോക്കേ!!ഞാൻ അവളെ അന്വേഷിച്ചിറങ്ങിയതാണ്.എന്റെ പൂർവ്വകാല സ്മരണയിലെ വസന്ത കാലത്തെ. പണ്ട് കണ്ടുമുട്ടിയതാണ്.പിന്നെ മുടിഞ്ഞ പ്രേമമായി. പിന്നെ പതിയെ പതിയെ മറക്കാൻ ശ്രമിച്ചു.എന്നിട്ടും മറന്നില്ല.അതാ അവിടെ നിൽക്കുന്നു എന്റെ ചങ്ക് ബ്രോ.ഞാൻ ചോദിച്ചു.

‘ഹാ എന്നാ ഒരു നില്പ്പേ!’

അവൻ ചോദിച്ചു:-'എവിടെയാടാ നിന്റെ പറക്കുംതളിക? (പുതുതായി വാങ്ങിയ ബൈക്കിന്റെ കാര്യമാ ചോദിച്ചത്.)’

ഞാൻ പറഞ്ഞു:'ഒരു ചെറിയ വിശ്രമം കൊടുത്തു.’

അവൻ:-'അല്ലാ നീ ആരെ തേടിയിറങ്ങിയതാ മോനേ, കൊച്ചുകള്ളാ?'
ഞാൻ:-'അവളെ',ഞാൻ പതറാതെ പറഞ്ഞു.
അവൻ:-'അവള്, (അവന്റെ മുഖം ആശ്വാസത്താൽ നിറഞ്ഞുനിന്നു). ഈ നാട്ടീന്ന് അവള് രക്ഷപ്പെട്ടു, കാനഡയിലേക്ക്.

അവൻ പറഞ്ഞു:'അവളുടെ കല്ല്യാണം കഴിഞ്ഞു. നിന്റെ കെട്ട് കഴിഞ്ഞോ?'

ഞാൻ:-'ഇല്ല. അവളെ കാത്തിരിക്കുവായിരുന്നു.'

അവളെ കെട്ടിയത് ഒരു നല്ല പെക്കനാ. അവൻ അവളെ പൊന്നു പോലെ നോക്കികൊള്ളും!!

മതി, മതി വയറ് നിറഞ്ഞു. എനിക്ക് സങ്കടമൊന്നും ഇല്ല. ഞാൻ പുഞ്ചിരിയോടെ പറഞ്ഞു. ഞാൻ മടങ്ങുകയാണ്.

നഷ്ടപ്രണയത്തിനാണ് ഏറെ ഭംഗി എന്നു പറഞ്ഞത് ഏത് സാഹിത്യകാരനാണോ ആവോ.....................?
ഞാൻ നടന്നകന്നു.

- ശിവപ്രിയ ഇ.ബി

# സ്വരവീണ

മനസ്സിൽ വിരൽ തൊട്ടുണർത്തും
നിൻ മൗനവീണ
എന്റെ മനസ്സിലെ താളമുണർത്തും
സ്നേഹ മനസ്സിൽ താളം
കനവിൻ മാളികയിൽ നീയൊരു
കണ്ണീർ തടാകമായ് നിന്നു
ഭൂമിയോടു യാത്ര പറഞ്ഞുകൊണ്ട് നീ
എങ്ങോ പോയ് മറഞ്ഞു
കണ്ണീരായ് നീ എന്നെ തൊട്ടുണർത്തു
ഗാനത്തിൻ ശൈലിപോലെ
ഒറ്റക്കായോ ഞാൻ ഇന്ന് ഒറ്റക്കായോ
സ്വപ്നവീണതൻ ഗാനത്തിൽ
പാടും സ്വരവീണയല്ലോ നീ......
സ്നേഹത്തിൻ താരാട്ടായ് നീ എന്നെ
തലോടും നേരം....................
എൻ മനസ്സിൽ കോണിലെങ്ങോ
ഒരു സാന്ത്വനം പോലെ.

-നന്ദന സുരേഷ്

# അകലെ

നടന്നടുക്കുന്നു  ഞാൻ ജീവിതത്തിൻ
ഒറ്റണവരിപ്പാതെ മുറിയും വരെ
മരണമെന്ന ഭീതിയെൻ
തോളിൾ  ചായുമ്പോൾ
അറിയാതെ നനയുന്നു എൻ കണ്ണുകൾ
ജവിതം നേരിട്ട വേദനകൾ
എരിയുന്ന കനലായ്
നീറുന്ന നിഴലായ്
പൊറുക്കാത്ത മുറിപ്പാടുകൾ
പോലെൻ മനസ്സിൽ
കാലമാം വൈദ്യം തോൽക്കുമ്പോഴും
നേരുകൾ മുന്നിൽ നിറയുമ്പോഴും,
നിറയുന്ന മിഴികളെ സാക്ഷിയാക്കി.
ഒരുപാട്ടു ഓർമ്മകൾ ബാക്കിയാക്കി..
നീറുന്ന ഹ്രദയങ്ങളെ തനിച്ചാക്കി..
നടന്നു ഞാൻ ദൂരെ...

-ചൈതന്യ വി.സി

# നെല്ല്

ലോകത്തിലെ ഏറ്റവും പ്രധാന ധാന്യങ്ങളിലൊന്നാണ് നെല്ല്. കേരളത്തിൽ ഏറ്റവും കൂടുതലുള്ള ധാന്യവിളയും നെല്ലുതന്നെ.
കേരളത്തിലെ മിക്ക ക്ലാസ്സുകളിലും നെൽക്കൃഷിയെക്കുറിച്ച് പഠിക്കാനുണ്ട്. ഇതാ, നെല്ലിനെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങൾ.



# നെല്ലിന്റെ പ്രത്യേകതകൾ

ലോകത്ത് ഏറ്റവുമധികം ആളുകൾ മുഖ്യ ആഹാരമായി ഉപയോഗിക്കുന്ന ധാന്യമാണ് അരി. ലോകത്ത് രണ്ടു തരം നെല്ലാണ് പ്രധാനമായും ഉള്ളത്. ഏഷ്യൻ നെല്ലും ആഫ്രിക്കൻ നെല്ലും . ഏഷ്യൻ നെല്ലിന്റെ ശാസ്ത്രനാമം ഒറൈസ സറ്റൈവ
എന്നാണ്.

# നെൽകൃഷി കേരളത്തിൽ

നാൽപ്പതു വർഷം മുമ്പ് കേരളത്തിൽ ആകെ കൃഷി ഭൂമിയുടെ 48 ശതമാനം നെൽകൃഷിയായിരുന്നു.
ഇപ്പോൾ കേരളത്തിൽ ആകെ പത്തു ശതമാനം പോലും നെൽകൃഷിയില്ല. കേരളത്തിൽ നെൽകൃഷി കുറയുന്നതിന് പല കാരണങ്ങളുണ്ട്. കൃഷിലാഭകരമല്ലാതായതും വയലുകൾ നികത്തി മറ്റ് നിർമ്മാണങ്ങൾ നടത്തുന്നതും വർദ്ധിച്ച കൃഷി ചെലവും പരമ്പരാഗത കർഷകരുടെ എണ്ണം കുറഞ്ഞതുമെല്ലാം ഇതിൽപ്പെടും. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷി പാലക്കാട് ജില്ലയിലാണ്.



# കേരളത്തിലെ പഴയ കാല നെൽവിത്തുകൾ

നല്ല രോഗപ്രതിരോധശേഷിയുള്ള ധാരാളം നാടൻ നെല്ലിനങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു. അവയിൽ ചിലതിന്റെ പേരുകൾ കേട്ടോളൂ :

- ചിറ്റേനി
- തവളക്കണ്ണൻ
- വട്ടൻ
- ചീര
- അതിയൻ
- കൊടിയൻ
- മുണ്ടോ കട്ടി
- പച്ചാർമണി
- ചെമ്പൻ

- പാണ്ടി
- ആര്യൻ
- പൂക്കലത്തരി
- കാളി
- വീട്ടി

വിരിപ്പ്, മുണ്ടകൻ, പുഞ്ച, കോൾ, പൊക്കാളി, പൂതാടി, പൂനം തുടങ്ങിയവയാണ് കേരലത്തിലെ നെൽ കൃഷി രീതികൾ. മേടത്തിൽ വിതച്ച് കന്നി മാസത്തിൽ കൊയ്യുന്ന നെൽ ക്യഷിയാണ് വിരിപ്പ്.
കന്നിയിൽ വിതച്ച് മകരത്തിലോ കുംഭത്തിലോ കൊയ്യുന്ന വിളയാണ് മുണ്ടകൻ. മകരത്തിൽ വിതച്ച് മേടത്തിലോ ഇടവത്തിലോ കൊയ്യുന്ന കൃഷിയാണ് പുഞ്ച.

## നെൽ കൃഷിയിലെ വാക്കുകൾ

- ✗ വിത : പാടത്ത് നെൽ വിത്ത് പാകുന്നതിനെ വിത എന്ന് പറയുന്നു.
- ✗ ഞാറ് : മുപ്പതു ദിവസം പ്രായമുള്ള നെൽച്ചെടി.
- ✗ ഞാറ്റാടി : ഞാറിനുവേണ്ടി നെൽവിത്ത് പാകി മുളപ്പിക്കുന്ന പ്രത്യേക വയൽ.
- ✗ ചേറ്റവിത : മുളപ്പിച്ച വിത്ത് ചേറിൽ വിതയ്ക്കുന്നത്.
- ✗ പൊടിവിത : മുളപ്പിക്കാത്ത വിത്ത് വിതയ്ക്കുന്നത്.

- ✗ കൊയ്ത്ത് : വിളഞ്ഞ നെൽച്ചെടി മുറിച്ചെടുക്കുന്നതാണ് കൊയ്ത്ത്.
- ✗ കറ്റ : കൊയ്ത നെൽച്ചെടികളുടെ കെട്ട്.
- ✗ മെതി : കറ്റകളിൽ നിന്ന് നെല്ല് വേർതിരിക്കുന്ന ജോലി.
- ✗ വയ്ക്കോൽ : നെല്ല് നീക്കിയ കറ്റ.

## നെൽക്കൃഷിയെ സംബന്ധിച്ച നാട്ടു വിശ്വാസങ്ങൾ

- ✔ രാത്രിയിൽ വിതയ്ക്കാൻ പാടില്ല.
- ✔ ഉഴവുമൃഗങ്ങളെ ഉപദ്രവിക്കരുത്.
- ✔ വിതയ്ക്കും മുമ്പ് ആറുതവണ നിലം ഉഴണം.
- ✔ പണിക്കാർക്ക് കൂലി കൊടുക്കുന്നത് വൈകിക്കരുത്.

- ✔ കാലിക്കു കൊടുക്കാൻ വൈക്കോൽ സൂക്ഷിക്കണം.
- ✔ പത്തായം ശൂന്യമാവരുത്.

## നെൽക്കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ

- ◆ ഇല്ലം നിറ : പുത്തൻ നെൽക്കതിർ നല്ല മുഹൂർത്തം നോക്കി ഗൃഹങ്ങളിൽ പൂജിക്കുന്ന ചടങ്ങാണ് ഇല്ലംനിറ.

- പൊലി : ആദ്യമായി മുറിച്ചെടുക്കുന്ന നെൽക്കറ്റ ദീപത്തിനു മുന്നിൽവച്ച് നടത്തുന്ന ആചാരമാണ് പൊലി.

## ഞാറ്റുവേല

കേരളീയരുടെ പരമ്പരാഗത കാർഷിക കലണ്ടറാണ് ഞാറ്റുവേല. ഒരു ഞാറ്റുവേല എന്നാൽ ഏകദേശം രണ്ടാഴ്ചയാണ്. മേടമാസത്തിൽ തുടങ്ങി 27 ഞാറ്റുവേലകളായാണ് ഒരു കാർഷികവർഷത്തെ പണ്ടുള്ളവർ വിഭജിച്ചിരുന്നത്. ഞാറ്റുവേല നോക്കിയാണ് കൃഷിചെയ്തിരുന്നത്.



# പാട്ടുകൾ

നെൽ കൃഷിയുമായി ബന്ധപ്പെട്ട ധാരാളം നാടൻ പാട്ടുകളുണ്ട്.

- ഞാറ്റുപാട്ട്
- നടീൽപ്പാട്ട്
- കളപ്പാട്ട്
- കൊയ്ത്തുപ്പാട്ട്
- തേക്കപ്പാട്ട്
- മെതിപ്പാട്ട്.

## നെൽക്കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

- പുണർതത്തിൽ നെല്ല് പോത്തിൻപുറത്തും മുളയ്ക്കും
- മുണ്ടകൻ കൊയ്യുന്ന കാലം മുഴുത്ത മോദം
- കോരന് കുമ്പിളത്തിൽത്തന്നെ കഞ്ഞി
- കാലത്തു വിതച്ചേ കതിരു നിറയുകയുള്ളൂ
- മേടം പത്തിനു മുമ്പ് പൊടിവിത കഴിയണം
- ചോതി വർഷിച്ചാൽ ചോറ്റിന് പഞ്ഞമില്ല
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്.

# നെൽക്കൃഷിയിൽ ഇന്ന് ഉപയോഗിക്കുന്ന യന്ത്രങ്ങൾ

കൾട്ടിവേറ്റർ കം സീഡ് ഡ്രിൽ :ചാല് കീറി നെൽ വിത്ത് ഇടാനുള്ള ഉപകരണം.

- ➔ പാടി വീഡർ : കള പറിക്കാനുള്ള യന്ത്രം.
- ➔ പാഡി ത്രെഷർ : കറ്റ മെതിക്കാനുള്ള യന്ത്രം.
- ➔ പാഡി ഹാർവെസ്റ്റർ : കൊയ്യാനുള്ള യന്ത്രം.
- ➔ ഞാറു നടാനുള്ള യന്ത്രം

-ഏയ്ഞ്ചലീന തോമസ്



# അന്ത്യരംഗം ഒരു പൂവിന്റെ

മിഴിമിലാകൊമ്പിൽ പൂക്കും പുഷ്പമേ
രാത്രിമഴപോൽ പെയ്തൊഴിയാനോ നിൻ ജന്മം
രാവിൽ ഇടനെഞ്ചിൽ ആടിപ്പാടി ആലയുന്ന നീ
ബ്രഹ്മ മുഹൂർത്തത്തിൽ എങ്ങുമറഞ്ഞു.
രാവിന് തിളക്കമേകുന്ന പുഷ്പമേ
നിൻ ശോഭയിൽ മതിമറക്കുന്നു ചന്ദ്രദേവനും
നിൻ നറുമണത്താൽ ആക്രഷ്ടനാകുന്നു പവനദേവനും
ഹേ! കുസുമമേ നിൻ ദാസിയായ് നിൽക്കുന്നിതാ-
സൗന്ദര്യറാണിയ,
താരശോഭ പൊഴിച്ചുനിന്ന പുഷ്പമിന്നീ
പ്രഭാതവേളയിൽ വാടിക്കരിഞ്ഞീമണ്ണിൽ കിടക്കുന്നു
ചന്ദ്രദേവനേ ആകൃഷ്ടനാക്കിയ നിൻ താരശോഭയും
പവനദേവനേ ആകൃഷ്ടനാക്കിയ നിൻ നറുമണവും
ഈ മൃദുവേളയിലെവിടെപ്പോയിമറഞ്ഞു.
അല്ലയോ പുഷ്പമേ നിൻ മൃദിരംഗം കണ്ടു ദേവഗണം
ശോകമൂകരായി വിലപിക്കുന്നു. പ്രകൃതി കണ്ണീർവാർക്കുന്നു.
അരുവിതൻ ഒഴുക്കു നിലയ്ക്കുന്നു. ആദിത്യശോഭമങ്ങുന്നു.
പ്രകൃതി ശ്മശാനമൂകമായി മാറുന്നു............

-സേതുലക്ഷ്മി കെ.ആർ

# ശ്മശാന പാലകൻ

എത്രയോ മൃതദേഹങ്ങൾ ഇവിടെ കത്തിച്ചതാണ്. ആദ്യമൊക്കെ കരിഞ്ഞ മാംസത്തിന്റെ ഗന്ധം അയാൾക്ക് തലചുറ്റൽ വരുത്തിയിരുന്നു. മൃതദേഹങ്ങളും കരിഞ്ഞ മണവും ഇന്നവന് സുപരിചിതമാണ്, അവ അയാൾക്ക് ജീവനില്ലാത്ത സുഹൃത്തുക്കളാണ്. ഒരിക്കൽ ഒരു സുന്ദരിയുടെ മൃതദേഹം കൊണ്ടുവന്നിരുന്നു. മരിച്ചാൽ എല്ലാം ശവം മാത്രം. കനകവും കാമിനിയും സ്വയം ഇല്ലാതാകുമോ? ആത്മഹത്യ ചെയ്യുന്ന ശവങ്ങളെ അവന് വെറുപ്പാണ്. അവരുടെ ആത്മാവിനു വേണ്ടി അവൻ പ്രാർത്ഥിക്കാറില്ല.അവളുടെ മൃതശരീരത്തിനു മുന്നിൽ മിഴിച്ചു പോയ അയാൾ ആത്മാവിനു വേണ്ടി ആദ്യമായി പ്രാർത്ഥിച്ചു.

കർമങ്ങൾക്ക് ശേഷം ബന്ധുക്കൾ യാത്രയായി.നിമിഷങ്ങൾക്കകം അവളുടെ ശരീരം അഗ്നി ഏറ്റുവാങ്ങി.

അയാൾ മനസ്സിൽ ചോദിച്ചു " ഹേ, സുന്ദരീ നീ എന്തിനാണ് ജീവൻ വെടിഞ്ഞത്?",ചോദ്യം തികച്ചും ന്യായം ആയിരുന്നു. പക്ഷേ ആരും അവന് ഉത്തരം കൊടുത്തില്ല. എങ്കിലും ഒരു അജ്ഞാത സൗന്ദര്യം തന്നെ പിന്തുടരുന്നതായി പലപ്പോഴും അയാൾക്ക് തോന്നിയിരുന്നു.

ഒരിക്കൽ ഒരു ദല്ലാൾ അവിടെയും വന്നു. ഓരോരോ ചോദ്യങ്ങൾ
ചോദിച്ചു.

"പേര് : രാകേഷ് "

"അച്ഛൻ : ഇല്ല , മരിച്ചു "

"അമ്മ : ഇല്ല , മരിച്ചു "

"വിദ്യാഭ്യാസം : ബിരുദം "

"വരുമാനം : ഒരു ശവത്തിന് 101 ദക്ഷിണ "

"ജോലി : .................."

ജോലി പറയേണ്ടെന്ന് അയാൾ തന്നെ പറഞ്ഞു. "ഞാൻ ഒരു എൻജിനീയറാണ്, ഈ ശ്മശാനത്തിന്റെ എൻജിനീയറാണ്". തന്റെ ജീവിതം എന്താകുമെന്ന് അയാൾ ആലോചിക്കാറില്ല. ദല്ലാൾ വീണ്ടും വന്നു പോയി.

ഒരിക്കൽ അയാൾ മൃതദേഹങ്ങൾ ഒഴിഞ്ഞ ശ്മശാനത്തിൽ ഒരു ചിത തയ്യാറാക്കി. അന്നു രാത്രിയിൽ അയാൾ ചിതയ്ക്കു മേൽ കിടന്നുറങ്ങി. രാത്രിയിൽ അയാൾ ഒരു അജ്ഞാതസൗന്ദര്യം സ്വപ്നം കണ്ടു ഒരു സ്ത്രീസ്വരൂപം. അവൾക്കു ചുറ്റും വെള്ള പ്രകാശമാണ് , അവളുടെ കണ്ണുകൾ പ്രകാശപൂരിതമാണ്. അവൾ അയാളെ വിളിച്ചു ഒന്നല്ല , പലതവണ. അവൾ അയാളോട് എന്തോ പറയുന്നുണ്ട്,

കേൾക്കാൻ സാധിക്കുന്നില്ല.അവൾ അയാളെ ഇറുക്കി പിടിച്ചു. അവർ എങ്ങോട്ടോ യാത്രയായി.-അപ്പോഴും ശ്മശാനത്തിൽ അഹങ്കാരത്തോടെ കാറ്റ് വീശുന്നുണ്ടായിരുന്നു......................



-

-മീനാക്ഷി ശ്രീകുമാർ.

# പഴഞ്ചൊല്ലുകൾ

. എല്ലു മുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം .

. സമ്പത്തുകാലത്ത് തൈ പത്തു വച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം.

. വിത്താഴം ചെന്നാൽ പത്തായം നിറയും .

. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും .

. ഞാറായാൽ ചോറായി .

. അടയ്ക്കയായാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ?

. ഇല വന്ന് മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും കേട് ഇലക്ക് .

– അഭിനന്ദന എ. എം

# കാറ്റ്

കുന്നിൻ ചെരുവിന്റെ
ഏകാന്തതയിൽ ഞാൻ
വെറുതെ നിനച്ചുകൊണ്ടേയിരുന്നു
എന്റെ ജീവിതപ്പാതയിൽ
ഞാൻ കണ്ട കാഴ്ചകൾ
ഏകാന്തതയിൽ
ഞാൻ നിനച്ചുപോയി
ബാലികയായ് തുടങ്ങിയൊരെന്റെ
ഉൽക്കടമായൊരു ബാലികയിൽ
തുടങ്ങും എന്റെ
വാസ്തവമായൊരു ജീവിതവും
കൗമാരകാലത്തിന്റെ
തേനൂറുന്ന സ്മരണകൾ
ഓരോന്നോരോന്നായി
കൊഴിഞ്ഞുകൊണ്ടേയിരുന്നു

-ഐശ്വര്യ അജി

# ജീവിതത്തിന്റെ വഴികൾ

ഭൂമിയിൽ പ്രണയമില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നായിരുന്നു എന്റെ വിവാഹം. സ്ത്രീക്കും പുരുഷനുമിടയിൽ പ്രണയത്തിനുമപ്പുറത്ത് ചില വികാരങ്ങളുണ്ടെന്ന തിരിച്ചറിവിന്റെ ഫലമായിരുന്നു അത്. പക്ഷെ, ശശിയുടെയും എന്റെയും വീട്ടുകാർക്ക് ആ ബന്ധം അംഗീകരിക്കാൻ കഴിഞ്ഞില്ല. എങ്കിലും ശശിയുടെ വല്ല്യേട്ടൻ തറവാട്ടിലേക്ക് എന്നെ വിളിച്ചുകൊണ്ട് വരാൻ സമ്മതിച്ചു. അത്രയും വിശാലഹൃദയനും സ്നേഹസമ്പന്നനുമായ ഒരു മനുഷ്യനെ ഞാനാദ്യം കാണുകയായിരുന്നു. പക്ഷെ അത് ഒരു കൂട്ടുകുടുംബമായിരുന്നതുകൊണ്ട് എനിക്ക് ആ അന്തരീക്ഷ--വുമായി ഇണങ്ങിച്ചേരാൻ കഴിഞ്ഞില്ല.

അംഗങ്ങൾ ഏറെ ഉണ്ടായിരുന്നതിനാൽ സദാ ഇരുമ്പുന്ന ആ വീട് എന്നെ വല്ലാതെ അസ്വസ്ഥയാക്കി. വായിക്കാനോ ,ചിന്തിക്കാനോ എന്തെങ്കിലും കുത്തിക്കുറിക്കാ--നോ സാധ്യമല്ലാതെയായി. ഭേദപ്പെട്ട അഞ്ചെട്ട് കഥക--ളെഴുതി പ്രസദ്ധികരിച്ച് ചെറിയൊരു ആസ്വാദകവല--യത്തിൽ ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞിരുന്ന എനിക്ക് അങ്ങനെയൊരവസ്ഥ തീർത്തും ദുസ്സഹമായി. പൊറുതികേടോടെ ഞാൻ വയറ്റിലുറിയ കുഞ്ഞിനോട് സംസാരിക്കാൻ തുടങ്ങി. എന്തു കൊണ്ടോ

എനിക്ക് ആൺകുഞ്ഞുങ്ങളോട് അത്ര മമതയുണ്ടായിരുന്നില്ല. അതുകൊണ്ട്, അമ്മേടെ കുഞ്ഞാത്തിരി കേക്കണൊണ്ടോ? എന്ന് ചോദിച്ചാണ് ഞാൻ തുടങ്ങുക. ഒരിക്കൽ, ഞാൻ പിറു- പിറുക്കുന്നതു കേട്ട്, കുഞ്ഞാത്തിരിയുടെ അച്ഛൻ അമ്പരപ്പോടെ ചോദിച്ചു:'നീ ആരോടാ എണ്ണിപ്പെറുക്കുന്നത് '? എനിക്ക് ഭ്രാന്തുപിടിച്ചെന്ന് മൂപ്പർക്ക് ശങ്ക തോന്നിയിട്ടുണ്ടാവണം. ഞാൻ ഉള്ള കാര്യം തുറന്ന് പറഞ്ഞു. തെല്ലൊരു നൈരാശ്യത്തോടെ അങ്ങേര് എന്റെ നേരെ നോക്കി. 'അപ്പോൾ, കുഞ്ഞ് പെണ്ണാണെന്ന് നീയങ്ങ് തീർച്ചപ്പെടുത്തിയോ?' ഞാൻ ചിരിച്ചു. 'ഉവ്വല്ലോ, ഞാനവൾക്കൊരു പേരുമിട്ടു:കുഞ്ഞാത്തിരി'. എന്നിട്ടും പ്രസവത്തിൽ മരിക്കാൻ ആയിരുന്നു എനിക്കിഷ്ടം. ഒരു ജോലിയില്ലാതെ ഞാൻ എന്റെ കുഞ്ഞാത്തിരിയെ എങ്ങനെ പോറ്റും? ജോലിക്കൊന്നും ഞാനൊട്ട് അപേക്ഷിച്ചിട്ടുമില്ല. കുഞ്ഞാത്തിരിയുടെ അച്ഛന് അത്ര ശമ്പളമില്ലതാനും. പ്രസവച്ചെലവിനുപോലും ഒന്നും കരുതാൻ കഴിഞ്ഞില്ല. അപ്പോഴാണ്, അത്ര തൃപ്തിയോടെ അല്ലെങ്കിലും , അപ്പൻ വന്ന് എന്നെ കൂട്ടിക്കൊണ്ടുപോയത്. പിറന്നുവളർന്ന വീട് എനിക്ക് അന്യമായിതോന്നി. എന്റെ മുറിയോടും കട്ടിലിനോടുമൊന്നും എനിക്ക് പഴയപടി മമത തോന്നിയില്ല. ഞാനെന്റെ പുസ്തകശേഖരം പൊടിതട്ടിയെടുത്തു.

പക്ഷെ,എനിക്കൊരക്ഷരം വായിക്കാൻ കഴിഞ്ഞില്ല. അച്ചടിമഷി പുരണ്ട എന്റെ കഥകൾ നെഞ്ചത്തടുക്കി, നഷ്ടബോധത്തോടെ, വീർത്തവയറും താങ്ങി ഞാൻ പുമർ ചാരിയിരുന്നു.
പ്രസവമടുക്കുന്തോറും ഞാൻ കുഞ്ഞാത്തിരിയോട് മിണ്ടാ-
-തയായി. 'ഇനി അമ്മയ്ക്കൊന്നും പറയാനില്ല കുഞ്ഞാത്തിരി. അമ്മ ഈ ലോകത്തുനിന്ന് യാത്രയാവുകയാണ് ' എന്ന് എപ്പോഴോ ഞാൻ പറഞ്ഞുകഴിഞ്ഞിരുന്നു. ഒരു ദിവസം ഉച്ചയൂണ് കഴിഞ്ഞ് കിടക്കുമ്പോൾ എന്റെ മുന്നീർക്കുടം പൊട്ടി. ഉടുതുണി വെള്ളത്തിൽ കുതിർന്നപ്പോൾ ഞാൻ പിടഞ്ഞെഴുന്നേറ്റു. ഒരു നിമിഷം പകച്ചുനിന്നു. പിന്നെ ഒരുതരം മരവിപ്പായി. ആശുപത്രിയിലേക്ക് ദൂരം ഏറെ ഉണ്ടായിട്ടും കാറ് പിടിക്കാൻ ഞാൻ സമ്മതിച്ചില്ല. രണ്ട് ബസ്സുകൾ മാറിക്കയറിയാണ് ഞാൻ അമ്മയോടൊപ്പം ആശുപത്രിയിൽ എത്തിയത്. വഴിനീളെ അമ്മ എന്റെ പിടിവാശിയെ ശകാരിച്ചു. ഒറ്റവാക്കും എന്നെ സ്പർശിക്കാതെ കടന്നുപോയി. ഒ.പി. കൗണ്ടറിന്റെ മുന്നിൽ അരയ്ക്ക് കീഴ്പോട്ട് നനഞ്ഞ് നിൽക്കുന്ന എന്നെ കണ്ട് ആളുകൾ അമ്പരന്നു. ചാർട്ടെടുപ്പിച്ച് ഞാൻ കാഷ്വാലിറ്റിയിലേക്ക് മെല്ലെ നടന്നു പോയി. ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ എന്നെ പെട്ടെന്നുതന്നെ ലേബർ റൂമിലേക്ക് മാറ്റി. ഇടവിട്ട് മൂന്ന് കുത്തിവയ്പ്പ് കഴിഞ്ഞപ്പോഴാണ് എനിക്ക് പ്രസവവേദന

തുടങ്ങിയത്. എന്റെ കരച്ചിലിന് കാതോർത്തിരുന്ന അമ്മയ്ക്ക് അത് കേൾക്കാൻ കഴിഞ്ഞില്ല. 'ഇന്നത്തെ ഏറ്റവും നല്ല പേഷ്യന്റ് ഗ്രേസി'യാണെന്ന് നഴ്സ് തന്ന പ്രശംസാപത്രം ഞാൻ വാടിയ ചിരിയോടെ ഏറ്റുവാങ്ങി. കഠിനവേദന എന്നെ നിരന്തരം അലട്ടാൻ തുടങ്ങി. പിറ്റേന്ന് രാവിലെ എട്ടു മണിക്കാണ് ഞാൻ പ്രസവിച്ചത്. പുറം ലോകത്തേക്ക് വന്ന കുഞ്ഞ് കരഞ്ഞതേയില്ല. എന്റെ കുഞ്ഞാത്തിരിക്കും ഈ ലോകം മടുത്തുപോയെന്ന് ഞാൻ ഊഹിച്ചു.

കുഞ്ഞ് കരയാത്തതെന്ത് എന്ന് വേവലാതിപ്പെട്ട നഴ്സിസി-നോട് അത് അകത്തേക്ക് വലിച്ചു എന്നോ മറ്റോ ഡോക്ടർ മറുപടി പറഞ്ഞത് ഞാൻ കേട്ടു. പിന്നെ എന്റെ ഓർമ്മകളൊക്കെയും കെട്ടുപോയി. ഞാൻ അഗാധമായ ഒരുറക്കത്തിലേക്ക് വഴുതി.

ഉണർന്നപ്പോൾ എന്നെ മറ്റൊരു മുറിയിലേക്ക് മാറ്റി. തൊട്ടിലിൽ കുഞ്ഞാത്തിരിയെ കിടത്തുമ്പോൾ നഴ്സ് കളിയാക്കി. 'ഗ്രേസിയുടെ മുഖം തെളിഞ്ഞില്ലല്ലോ'. ശൂന്യമായ മനസ്സോടെ സീലിങ്ങിൽ നോക്കി കിടക്കുമ്പോ-ൾ അമ്മ പറഞ്ഞു:'നീ കൊച്ചിനെ ഒന്നു നോക്ക്. അച്ചന്റെ

മോളാ. അത്രേം കറുത്തിട്ടില്ലെന്നു മാത്രം'. ഞാൻ മുഖം മെല്ലെ തിരിച്ച് തൊട്ടലിൽ നോക്കി. ചുരുട്ടിപ്പിടിച്ച കുഞ്ഞി-ക്കൈകളുമായി കുഞ്ഞാത്തിരി ശാന്തമായി ഉറങ്ങുന്നു. പൂ-പോലുള്ള മുഖത്ത് എന്റെ നോട്ടം ഏറെ നേരം തങ്ങിനിന്നു. നോക്കുന്തോറും കുഞ്ഞാത്തിരി എനിക്ക് ഒരത്ഭുതമായി. ഞാൻ നന്നക്കെ ചിരിച്ചു. ജീവിതത്തോടുള്ള മമത ഉള്ളിൽ സ്ഫുരിക്കുന്നത് ഞാനറിഞ്ഞു.

-ജ്യോതിക എ.കെ

# മഹദ് വചനങ്ങൾ

വിഡ്ഢിയുടെ ഹൃദയം നാക്കിലാണ്. ബുദ്ധിമാന്റെ നാക്ക് ഹൃദയത്തിലാണ്.

- വിക്ടർ ഹ്യൂഗോ

നിയമങ്ങൾ ചിലന്തിവലയാണ്. ചെറുപ്രാണികൾ കുടുക്കിൽ പെടുന്നു. വലിയവ രക്ഷപ്പെടുന്നു.

- സ്വിഫ്റ്റ്

-തേജസ്സ് കെ.ആർ.

# അമ്മ ഒരു ഭാവം

വീടെവിടെയാണ് ?. എന്ന ചോദ്യത്തിന് കുട്ടി നൽകിയ മറുപടി അമ്മ ഉള്ള സ്ഥലം എന്നായിരുന്നു. അമ്മയാണ് വീട് എന്നുകൂടി അർത്ഥവ്യാപ്തി അതിനും നൽകാം. ഓരോ മനുഷ്യനും അമ്മ വ്യക്തിപരമായ ഒരു വികാരമാണ്.

അമ്മ എന്നാൽ എന്താണ് ? ഓരോ വ്യക്തിയുടേയും ഉള്ളിലെ ഏറ്റവും വലിയ സ്വകാര്യതയാണ് അമ്മ.

കനിവായി, സ്നേഹമായി, ത്യാഗമായി, നിറവായി, സിനിമകളിൽ കവിയൂർ പൊന്നമ്മ 'അമ്മ' രൂപം അഭിനയിക്കുമ്പോൾ സ്വാർത്ഥമാക്കുന്നത് ഓരോ മലയാളി മനസ്സിലെയും അമ്മ സങ്കൽപ്പങ്ങളാണ്. ഉണ്ണാതെ ഉറങ്ങാതെ കാത്തിരിക്കുന്ന അമ്മമാരാണ് പെറു കഥകളിലെ അമ്മമാർ. പുതിയ പരസ്യങ്ങളിലാകട്ടെ, നൂറായിരം കാര്യങ്ങൾ ഒരുമിച്ച് ചെയ്യാൻ കഴിയുന്ന അത്ഭുത പ്രതിഭാസമാണ് അമ്മ. ബെവർലി ജോൺസ് പറഞ്ഞതുപോലെ സ്വയം ചലിക്കുന്ന ഒരു വീട്ടുപകരണമാണ് എക്കാലവും അമ്മയെന്നതാണ്. ടെലിവിഷനിലൂടെ നമ്മളറിയുന്ന അമ്മ. സീരിയലുകളിൽ കണ്ണീരൊഴുക്കുകയും

മറ്റ് സ്ത്രീകളെ ദ്രോഹിച്ചുമൊക്കെ വാഴുന്ന അമ്മമാർ ധാരാളം.
"അമ്മയെന്നുള്ള രണ്ടക്ഷരമാണ് മിണ്ടിത്തുടങ്ങു
വാൻവെമ്പുന്ന കുഞ്ഞിന്റെ പിഞ്ചിളം ചുണ്ടിന്മേൽ
അമ്മിഞ്ഞപ്പാലോടൊപ്പം നിറയുന്നത് " എന്ന് കവി.
അമ്മ എങ്ങും എന്നും എവിടെയും അതിസുന്ദരമായ ഒരു കാൽപനികതയാണ്........
എന്താണ് യഥാർത്ഥത്തിൽ അമ്മ? നിസ്വാർത്ഥതയുടെ, പരിശുദ്ധ സ്നേഹത്തിന്റെ, പവിത്ര വികാരങ്ങളുടെ കലവറയാണോ എല്ലാ അമ്മമാരും? ലോകത്തുള്ള എല്ലാ അമ്മമാരും ഒരേ അച്ചിൽ വാർത്തെടുത്ത രൂപമായി നിലനിൽക്കുന്നുണ്ടോ.?

ഒരമ്മയായ, വളരെ നല്ല ഒരമ്മ സ്വന്തമായുള്ള ഞാൻ തുറന്നുപറയട്ടെ അങ്ങനെ 365 ദിവസവും 24 മണിക്കൂറും ഒരു കാൽപനിക അമ്മയാവുക എന്നത് ബുദ്ധിമുട്ടുതന്നെയാണ്. ദേവതക്ക് തുല്യമായ ഒരമ്മ. ഓരോരുത്തരും സ്വന്തം അമ്മയിൽ സ്വന്തം മനസ്സിലെ അമ്മ സങ്കൽപ്പത്തെ പ്രതിഷ്ഠിച്ച് ആശ്വസിക്കുന്നതിന് ശ്രമിക്കുന്നുവെന്നാണെനിക്ക് തോന്നിയിട്ടുള്ളത്. ഈ അമ്മ രൂപസങ്കല്പം ഭോഷ്ക്കാണ്. എന്റെ അമ്മ അങ്ങനെയേ അല്ല – സ്വാർത്ഥതയുടെ അസൂയയുടെ ദുഷ്ടതയുടെ പര്യായമാണ് എന്റെ അമ്മ. എനിക്ക് ഒരിക്കലും എന്റെ അമ്മയെ നന്മയുടെ പ്രതിരൂപമായി

പ്രതിഷ്ഠിക്കാനാവില്ല. അങ്ങനെ പറയുന്നവരെയും ഏറെ കണ്ടിട്ടുണ്ട്.


കുഞ്ഞുങ്ങൾക്ക് വിഷം കൊടുത്ത് കൊല്ലുന്ന അമ്മമാരെയും സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി മക്കളെ ഉപേക്ഷിച്ച് പോകുന്ന അമ്മമാരെയുമൊക്കെ ചുറ്റിലും നാം കാണാറുണ്ട്. മക്കൾക്കിടയിൽ കിടമത്സരമുണ്ടാകുന്ന അമ്മയുടെ കഥ കണ്ണീരോടെ പറഞ്ഞ ഒരു മകളെ ഓർമ്മവരുന്നു.മൂന്നുമക്കൾ. ഇതിൽ രണ്ടുപേർക്ക് മാത്രം കുടുംബസ്വത്ത് വീതിച്ച് കൊടുത്ത അമ്മയും നമ്മുക്കിടയിൽ തന്നെയുണ്ട്. മക്കൾക്കിടയിൽ സ്നേഹം ഒരുപോലെ പങ്കുവയ്ക്കുന്നതിൽ വൈമനസ്യം കാട്ടുന്ന അമ്മമാരും ഏറെ.

അമ്മ ഒരു ശക്തിയേക്കാളേറെ ശാപമായി മാറുന്നത് വളരെ അപൂർവമാകാം. എങ്കിലും അവരും കൂടിയുള്ള ഈ ലോകത്ത് എന്താണ് അമ്മ. പൂർണ്ണമായ അർത്ഥത്തിൽ അമ്മ നിലനിൽക്കുന്നുണ്ടോ. അമ്മ ഒരു ഭാവമാണ് എന്നാണ് എനിക്കും തോന്നിയിട്ടുള്ളത്. അച്ഛനിലും അപ്പപ്പനിലും സഹോദരനിലും മകനിലും സുഹൃത്തിലുമൊക്കെ അമ്മയുണ്ട്. മകളും സഹോദരിയും ചിറ്റയും അമ്മായിയുമൊക്കെ പലനിമിഷങ്ങളിലും അമ്മയായി മാറിയ അനുഭവങ്ങൾ ഏറെ. അതെ അമ്മ ഒരു ഭാവമാണ്. ഏതു മനുഷ്യനിലും നിലനിൽക്കുന്ന, കരുണയുടെ, ത്യാഗത്തിന്റ, കരുതലിന്റെ,

നിസ്വാർത്ഥ സ്നേഹത്തിന്റെ സാന്നിദ്ധ്യം - അതാണ് അമ്മ. മനസ്സ് നോവുമ്പോൾ പൊട്ടിക്കരയുന്ന സുഹൃത്തിനെ ആശ്വസിപ്പിക്കുമ്പോൾ എത്രയോ വട്ടം ഞാൻ അമ്മയായി മാറിയിട്ടുണ്ട്. ജീവിതപ്രശ്നങ്ങൾ വലയ്ക്കുമ്പോൾ തളരുന്ന അച്ഛനും അമ്മയ്ക്കും താങ്ങായി തണലായി നിൽക്കുമ്പോൾ ഞാനവരുടെ അമ്മയല്ലാതെ മറ്റാരാണ് ? മിണ്ടിത്തുടങ്ങിയ നാൾ മുതൽ എന്റെ മുഖമൊന്ന് വാടിയാൽ ഓടിയെത്തി ഓമനിക്കുന്ന മകനിൽ നിന്ന് അമ്മയുടെ സ്നേഹം ഞാനെത്ര അറിഞ്ഞിരിക്കുന്നു.

ഓഫീസിൽ ചെറിയ സഹായത്തോടെയാണെങ്കിൽ പോലും വലിയ കുരുക്കുകൾ അഴിക്കാൻ സഹായിക്കുന്ന സഹപ്രവർത്തകർ. അവരിൽ പോലും പല നിമിഷങ്ങളിലും നിറയുന്നത് അമ്മ തന്നെയാണ്. എവിടെയാണ് അമ്മയുടെ സാന്നിദ്ധ്യം അറിയാത്തത്. അമ്മ നന്മയുടെ സാന്നിദ്ധ്യമാണ്. പ്രപഞ്ചമാകെ നിറയുന്ന കരുതലിന്റെ സാന്നിദ്ധ്യം. നമ്മുടെ അമ്മമാരെ നമ്മുക്കാദരിക്കാം, സ്നേഹിക്കാം, അവരുടെ സന്തോഷം, സംതൃപ്തി ഒക്കെ പങ്കുവെക്കാം. ഒപ്പം ഒന്നുകൂടി. നമ്മുടെ ഉള്ളിലുള്ള നമ്മുക്ക് ചുറ്റും ഉള്ള അമ്മ സാന്നിദ്ധ്യം അറിയാനും വളർത്താനും കൂടി ശ്രമിക്കാം. അതിലൂടെ പൂത്തുലയുന്ന ഒരു നല്ല ലോകത്തെ സ്വപ്നം കാണാം.

- വിസ്മയ വി.ജി.


വിജയത്തിലൂടെ കൈവരുന്നതല്ല
ശക്തി, നിങ്ങളുടെ പ്രശ്നങ്ങളാണ്
നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്..
ജീവിതത്തിലെ ഏറ്റവും വിഷമകരമായ
ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന്
നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി !
www.AllQuotesIcon.com

# കടങ്കഥകൾ

1 അവനെ നോക്കിയാൽ എന്നെ കാണാം.

2 എന്നെത്തൊട്ടുകൂട്ടും പക്ഷേ സദ്യയ്ക്കെടുക്കില്ല.

3 ആയിരം കിളികൾക്ക് ഒറ്റകൊക്ക്

4 ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ

5 കപ്പയിലില്ല കുപ്പിയിലുണ്ട്
പൊവ്വയിലില്ല തിങ്കളിലുണ്ട്
ശശിയിലില്ല രവിയിലുണ്ട്

6 നാരികളെന്നെ മുടിയിൽ വയ്ക്കും
ദേവകൾ തന്നുടെ മുടിയിലിരുത്തും
പൂമ്പാറ്റയിലും നിലാവിലുമുണ്ടു ഞാൻ
പറയൂ രണ്ടക്ഷരമെൻ നാമം

7 കാലിൽ പിടിച്ചാൽ തോളിൽ കയറും

8 കാള കിടക്കും കയറോടും

9 അമ്മയെ കുത്തി മകൻ മരിച്ചു

10 ആവശ്യക്കാർ വാങ്ങുന്നില്ല. വാങ്ങുന്നവർ ഉപയോഗിക്കുന്നില്ല.

11 കൊക്കിരിക്കും കുളം വറ്റി വറ്റി

12 മുറ്റത്തെ ചെപ്പിനടപ്പില്ല

13 ഞെട്ടില്ല വട്ടയില

14 ഒരമ്മ പെറ്റ മക്കളെല്ലാം തൊപ്പിക്കാർ

15 മുക്കണ്ണൻ ചന്തക്കുപോയി. ആര്?

16 പച്ചപ്പെട്ടി പത്തായത്തിൽ പത്തും നൂറും
കൊട്ട തേങ്ങ.

# മിന്നാമിന്നി

1. ഒരു ദിവസം മതിലിന്റെ ഒരു ദ്വാരത്തിൽ വെളിച്ചം കണ്ടു. ഒരു ആൺമിന്നാമിന്നിയായിരുന്നു അത്. ടോർച്ച് തെളിയിച്ചപ്പോൾ അതിന്റെ മിന്നായം നിന്നു. മിന്നാമിനുങ്ങുകൾക്ക് ഇങ്ങനെ പ്രകാശം ഓഫ് ചെയ്യാനും ഓൺ ചെയ്യാനും ആകുമോ?

ഉ: പ്രകാശം ഓഫ് ചെയ്യാനും ഓൺ ചെയ്യാനും മിന്നാമിന്നികൾക്ക് പറ്റും.

2. എന്താണ് മിന്നാമിനുങ്ങുകളുടെ ഭക്ഷണം? പെൺ മിന്നാമിനുങ്ങ് തേൻ കുടിക്കുമോ?

ഉ: മിന്നാമിന്നികൾ മറ്റ് ചെറുജീവികളെയാണ് ഭക്ഷണമാക്കുക. ചിലത് തേനും പൂമ്പൊടിയും ഭക്ഷിക്കാറുണ്ട്. അധികം ഇനങ്ങളും കുറച്ച് ദിവസങ്ങൾ മാത്രം ജീവിക്കുന്നവയാണ്. ഇവ പലപ്പോഴും ഭക്ഷണമേ കഴിക്കാറില്ല.

3. മിന്നാമിനുങ്ങിന്റെ മിന്നുന്ന വെളിച്ചത്തിനു ചൂടുണ്ടാവുമോ?

ഉ: ചൂടുണ്ടാവില്ല. വെളിച്ചം പുറപ്പെടുവിക്കുന്ന പലതരം ജീവികളുണ്ട്. എല്ലാം 'തണുത്ത വെളിച്ചമാണ് ' പുറത്തുവിടുന്നത്.

4. മിന്നാമിനുങ്ങും ഇതുപോലെ പറക്കുന്ന ഷഡ്പദങ്ങളുമെല്ലാം എവിടെയാണ് കഴിയുന്നത് ? മണ്ണിനടിയിലാണോ? പെൺ മിന്നാമിനുങ്ങുകൾ ഇലകൾക്കിടയിലാണോ താമസം?

ഉ: മറ്റ് ഷഡ്പദങ്ങളെ പോലെ ഏതെങ്കിലും സ്ഥലത്ത് മിന്നാമിനുങ്ങുകളും മറഞ്ഞിരിക്കും.അത് ഇലകൾക്കിടക്കോ തടികളുടെ പൊത്തിലോ ഒക്കെ ആവാം. പെൺമിന്നാമിന്നികൾ അധികവും കല്ലുകൾക്കിടയ്ക്കാണ് കാണപ്പെടുക.

5. ആൺ മിന്നാമിനുങ്ങ് പുഴുവും പെൺമിന്നാമിനുങ്ങ് പറക്കുന്നതുമാണല്ലോ. ഇതുപോലെ ഏറെ വൈവിധ്യമുള്ള ജീവികൾ വേറെയുണ്ടോ?

ഉ: അങ്ങനെയല്ല. ആൺമിന്നാമിനുങ്ങ് പറക്കുന്നതും പെൺ മിന്നാമിനുങ്ങ് പുഴുവിനെപോലെയുമാണ്. പക്ഷ എല്ലാ ഇനങ്ങളും ഇതുപോലെയല്ല. ലോകത്തിൽ രണ്ടായിരത്തോളം ഇനം മിന്നാമിന്നികളുണ്ട്. ചിലതിൽ ആണും പെണ്ണും തമ്മിൽ

വ്യത്യാസമുള്ള ഷഡ്പദങ്ങൾ പലതുമുണ്ട്. ഉദാഹരണമായി ഫിഗ് കടന്നലുകളിൽ ആണിന് ചിറക് ഉണ്ടാവില്ല. പെൺ കടന്നലുകൾക്ക് ചിറകുണ്ടാവും. തേനീച്ചകളിലും ഉറുമ്പുകളിലുമൊക്കെ പലതരം പ്രാണികൾ തന്നെ ഉള്ള വിവരം അറിയാമല്ലോ.

- അന്ന സേവ്യർ



# കളി കാര്യമായപ്പോൾ

ഒരു തയ്യൽക്കാരന് എല്ലാവരെയും കളിയാക്കുന്ന സ്വഭാവമുണ്ടായിരുന്നു. ആളുകളെ  മാത്രമല്ല അയാൾ മൃഗങ്ങളെയും കളിയാക്കുക പതിവ് ആയിരുന്നു.

അയാളുടെ കടയുടെ മുന്നിലൂടെ ഒരു ആന കുളിക്കാൻ പോകുക പതിവായിരുന്നു. ആ ആനയെ ഒന്ന് കളിയാക്കണമെന്ന് തയ്യൽക്കാരൻ തീരുമാനിച്ചു. അതിന് അയാൾ ആനയ്ക്ക് ദിവസവും ഓരോ പഴംകൊടുക്കാൻ തുടങ്ങി. മൂന്ന ദിവസം കഴിഞ്ഞപ്പോൾ അയാൾ പിന്നെ പഴം കൊടുത്തില്ല. എന്നാലും ആന അയാളുടെ കടയുടെ മുന്നിലെത്തുമ്പോൾ നിൽക്കുക പതിവാക്കി.

അന്നും പതിവുപോലെ ആന വന്ന് തയ്യൽ കടയുടെ മുന്നിൽ നിന്നു. തയ്യൽക്കാരൻ അപ്പോൾ തുണിതുന്നുന്ന സൂചിയെടുത്ത് ആനയുടെ തുമ്പിക്കൈയിന്മേൽ ഒരു കുത്തു കൊടുത്തു.

ആന നിലവിളിച്ചു. പിന്നെ അത് തുമ്പിക്കൈ നീട്ടി തയ്യൽ മെഷീൻ വലിച്ച് റോഡിലേക്ക് എറിഞ്ഞു. എന്നിട്ടും ദേഷ്യം തീരാതായപ്പോൾ തയ്യൽ ക്കടയുടെ തൂണുകൾ രണ്ടെണ്ണം ചുറ്റിവലിച്ച് പുഴറ്റിയെറിഞ്ഞു.

"ആനയോട് കളിച്ചാൽ ഇങ്ങനെയിരിക്കും"

തയ്യൽക്കടയും തയ്യൽമെഷീനും നഷ്ടപ്പെട്ട് സങ്കടത്തോടെ തയ്യൽക്കാരൻ നിലവിളിക്കുന്നത് കണ്ടപ്പോൾ ഒരു വൃദ്ധൻ പറഞ്ഞതാണത്.

ശക്തിയുള്ളവരെ കളിയാക്കാൻ പോയാൽ നമ്മൾ ആപത്തിൽ അകപ്പെടും. അതിനാൽ കളിയാക്കുന്ന ശീലം നാം ഉപേക്ഷിക്കുന്നതാണ് നല്ലത്.

-ആദിത്യ സാബു

# കളഭച്ചാർത്ത്

ഇമ്പമെഴും വൻ കരിവീരൻ
കൊമ്പു കുഴൽ ചിന്നം വിളിയായ്
വമ്പുകളാലമ്പല നടയിൽ
തുമ്പം തീർത്താടീടുന്നു
കമ്പം കണ്ടാളുകളാടും
കുമ്പീ നിന്നമ്പലനടയിൽ
അമ്പത്തൊന്നക്ഷരമെഴുതി
തിരുനാവു തെളിക്കുന്നു
തൻ കാടുകൾ മേടുകൾ തള്ളി
തിങ്ങിടുവോരമ്പല നടയിൽ
വഴിപാടായ് നടതള്ളിയ
വലിയോരുടെ സ്നേഹത്തിൽ
കലഹിക്കാതിനിയും നിൽക്കാ-
നാവില്ലിനിയെന്നതു കൊണ്ടോ
തൻ കാടുകൾ മേടുകൾ കണ്ണിൽ
തൻ മണ്ണും പെണ്ണും വിണ്ണിൽ
കരി വേഷം കെട്ടിത്തുള്ളും
ദൈവത്താറെന്നു വിളിക്കാ
കലികൊണ്ടക്കോമരമെന്നും വിളിച്ചീടല്ലേ
ഇമ്പമെഴും വൻ കരിവീരൻ
കൊമ്പു കുഴൽ ചിന്നം വിളിയായ്

വമ്പുകളാലമ്പല നടയിൽ
തുമ്പം തീർത്താടീടുന്നു

-ധനശ്രീ വി.

# പോയ്മറഞ്ഞ പൂക്കാലം

നയന മനോഹരമായൊരു വാടിയിൽ
കണ്ടു ഞാനൊരു മന്ദാരത്തെ
പച്ചിലയില്ല പൂങ്കുലയില്ല
തുമ്പികൾ നുകരും തേൻ കണമില്ല
പണ്ടു വിരിഞ്ഞൊരു താമരയെവിടെ
പരിമളമേകും പിച്ചകമെവിടെ
തുമ്പികൾ പാറി പാറി നടക്കും പൂന്തോട്ടത്തിൽ
പൂങ്കുല എവിടെ
പത്തുമണിക്ക് വിരിയും നമ്മുടെ
പത്തുമണി പൂ എവിടെ പോയ്
പുലരിയിൽ പൂമണമേകും നമ്മുടെ
റോസാപൂവും എവിടെ പോയ്
ചന്ദ്രികചന്ദനം ചാലിച്ച സന്ധ്യ
ചാരുതയേകും പൂ എവിടെ
മഞ്ഞപട്ടിൽ ചേലയുടുത്തൊരു
മുക്കുറ്റി പൂവെവിടെപോയ്
പച്ചിലയില്ല തേൻ കണമില്ല
തുമ്പികൾ നുകരും തേൻ കണമില്ല
തുമ്പികൾ നുകരും തെൻ കണമില്ല

-ആരതി ടി.പി

# കടങ്കഥ ഉത്തരങ്ങൾ:

1.കണ്ണാടി
2.കാൽക്കുലേറ്റർ
3.വാഴക്കുല
4.കണ്ണ്
5.കുതിര
6.പൂവ്
7.കുട്ട
8.മത്തൻ
9.തീപ്പെട്ടിക്കൊള്ളി
10.ശവപ്പെട്ടി
11.റാന്തൽ വിളക്ക്
12.കിണർ
13.പപ്പടം
14.മത്തങ്ങ
15.അടക്ക
16.തേങ്ങ
17.കപ്പങ്ങ

- നിയ സേവ്യർ

# ജ്യോത്സ്യന്റെ ബുദ്ധി

ഒരിക്കൽ ഒരു രാജാവ് തന്റെ ജാതകം അതിപ്രശസ്തനായ ഒരു ജ്യോത്സ്യനെക്കൊണ്ട് വായിപ്പിച്ചു.പ്രശസ്തനായ ജ്യോത്സ്യൻ അത് വായിച്ചശേഷം പറഞ്ഞു: "അങ്ങയുടെ മരണം അടുത്തിരിക്കുകയാണ്. അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം."

രാജാവ് അതുകേട്ട് കോപിച്ചു : " എന്റെയല്ല നിന്റെ മരണമാണ് അടുത്തിരിക്കുന്നത്," രാജാവ് ആക്രോശിച്ചു, ''നാളെ രാവിലെത്തന്നെ നിന്റെ തലവെട്ടാൻ നാം കല്പിക്കുന്നു."

" തിരുമേനീ, അങ്ങയുടെ ഈ വിധിയും ഞാൻ സ്വീകരിക്കുന്നു," ജ്യോത്സ്യൻ അങ്കലാപ്പൊന്നും കൂടാതെ പറഞ്ഞു, " അങ്ങ് മരിക്കുന്നതിന് മൂന്ന് ദിവസം മുമ്പായിരിക്കും എന്റെ മരണം എന്ന് ജാതകത്തിൽ പറയുന്നുണ്ട്."

ജ്യോത്സ്യന്റെ ഈ വാക്കുകൾ കേട്ടപ്പോൾ രാജാവ് ഞെട്ടി:

" എന്ത് ! ജ്യോത്സ്യൻ മരിച്ചാൽ മൂന്നാംദിവസം താൻ മരിക്കുമെന്നോ !"

ഉടനെ രാജാവ് ജ്യോത്സ്യനെ വധിക്കാനുള്ള വിധി പിൻവലിച്ചു. ജ്യോത്സ്യൻ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

അയാളുടെ ബുദ്ധിസാമർത്ഥ്യമാണ് അയാളെ അപ്പോൾ മരണത്തിൽനിന്ന് രക്ഷിച്ചത്.

ജ്യോത്സ്യൻ അടുത്തകാലത്തൊന്നും മരിക്കാതിരിക്കട്ടെ എന്നായിരുന്നു രാജാവ് അപ്പോൾ പ്രാർത്ഥിച്ചത്.

-അമൽ എ.വി

# കീരിവാൽ ബ്രഷ്

നമ്മളെ കണ്ടാൽ ഒറ്റ ഓട്ടമാണ്. കുറച്ച് ദൂരെ പോയി തിരിഞ്ഞുനിൽക്കും. എന്നിട്ടും നമ്മളെ കണ്ടില്ലെങ്കിൽ പിൻകാലിൽ ഉയർന്നു നിന്ന് നോക്കും.വേറെ ആരുമല്ല കീരിയാണിത്. പാമ്പുകളുമായുള്ള ഇവയുടെ 'ഫൈറ്റിംങ് പ്രസിദ്ധമാണല്ലോ. അതുപോലെതന്നെയാണ് കോഴികളെ ആക്രമിച്ച് കൊല്ലുന്നതിലുള്ള ഇവയുടെ കഴിവും. ഭക്ഷിക്കുന്നതിലേറെ കോഴികളെ ഇവ കൊന്നൊടുക്കുന്നു. കീരിയുടെ വാൽ രോമങ്ങൾ നിറഞ്ഞതാണ്. ഇത് പെയിന്റ് ബ്രഷ് നിർമാണത്തിന് ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഇവയെ വ്യാപകമായി കൊന്നൊടുക്കി രോമങ്ങൾ എടുക്കുകയാണ്.

-ആവണി രാജു

# എന്നിട്ടും

അരികിലിരുന്നിട്ടും അറിഞ്ഞീല നീയെന്റെ
മിഴിവുറ്റ സ്വപ്നത്തിൽ തൂവൽ സ്പർശം
ഒരുമിച്ചു നിന്നിട്ടും കണ്ടീല നീയെന്റെ
തീരാത്ത സ്വപ്നത്തിൽ ചില്ലുജാലം
ഒരുമിച്ചു പാടീട്ടും അറിഞ്ഞീല നീയെന്റെ
പാട്ടിലെ വാക്കിന്റെ സുവർണ ലോകം
ഒരുമിച്ചിരുന്നിട്ടും കേട്ടീല നീയെന്റെ
ചൊല്ലിലെ ദ്വയാർത്ഥ ചിന്തനങ്ങൾ
ഒരുമിച്ചുണർന്നിട്ടും പറഞ്ഞീല നീയെന്റെ
വാക്കുകൾക്കൊരു നല്ലസ്നേഹലോകം
എന്നിട്ടും അറിയുന്നു, കേൾക്കുന്നു ഞാൻ-
നിന്റെ പാവന സ്വപ്നത്തിൽ സ്വർണലോകം.

- നിരഞ്ജന പാർവ്വതി.


നന്ദി